"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

വനിതശിശു വികസന വകുപ്പ്- കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ഫിനാൻസ് ഓഫീസർ തസ്തികയിലേയ്ക്ക് ശ്രീമതി. ശ്വേത വി.ആർ.നെ കരാർ വ്യവസ്ഥയിൽ നിയമനം നടത്തുന്നതിന് അനുമതി നൽകി കൊണ്ടും കരാർ വേതനം നിശ്ചയിച്ചു കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**വനിതശിശു വികസന(ബി) വകുപ്പ്**

സ.ഉ.(സാധാ) നം.116/2026/WCDD തീയതി,തിരുവനന്തപുരം, 07-03-2026

---

പരാമർശം:-
1. സർക്കുലർ നം.48/2015/ധന തീയതി.13.05.2015.
2. സ.ഉ.(സാധാ) നം.397/2025/ഡബ്ള്യുസിഡിഡി തീയതി. 16/09/2025.
3. കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടറുടെ 28.11.2025-ലെ KSWDC/EA2/FO/ 3812/2025/4856 നം. കത്ത്.

**ഉത്തരവ്**

കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷന്റെ ഫിനാൻസ് ഓഫീസർ തസ്തികയിലേക്ക് ധനകാര്യ വകുപ്പിൽ നിന്നും അണ്ടർ സെക്രട്ടറിമാരെ അന്യത്ര സേവന വ്യവസ്ഥയിൽ നിയോഗിക്കുന്നത് ഒഴിവാക്കി കൊണ്ട്, സർക്കാരിന് അധിക സാമ്പത്തിക ബാധ്യത ഉണ്ടാക്കാതെ സ്ഥാപനത്തിന്റെ തനത് ഫണ്ടിൽ നിന്നും തുക വിനിയോഗിച്ചു കൊണ്ട് ഫിനാൻസ് ഓഫീസർ തസ്തികയിലേക്ക് CA/CMA യോഗ്യതയുള്ള പ്രൊഫഷണൽസിനെ നേരിട്ട് നിയോഗിക്കുന്നതിന് പരാമർശം (2) പ്രകാരം അനുമതി നല്കിയിരുന്നു. തുടർന്ന് വനിതാ വികസന കോർപ്പറേഷന്റെ ഡയറക്ടർ ബോർഡ് തീരുമാനങ്ങൾ പ്രകാരം, ഫിനാൻസ് ഓഫീസർ തസ്തികയിലേക്ക് CA/CMA യോഗ്യതയുള്ള പ്രൊഫഷണലിനെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയും തുറന്ന പത്ര പരസ്യം മുഖേനയും താല്കാലികമായി നിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയുണ്ടായെന്നും പ്രൊഫഷണൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ നിന്നും നിശ്ചിത യോഗ്യതയോടെ പത്ത് വർഷം പ്രവർത്തി പരിചയമുള്ള രജിസ്റ്റേർഡ് ഉദ്യോഗാർത്ഥികൾ ലഭ്യമല്ലാത്തതിനാൽ തുറന്ന പത്ര പരസ്യം മുഖേന ലഭിച്ച അപേക്ഷകളിൽ പരിഗണനാർഹമായ നാല് ഉദ്യോഗാർത്ഥികൾക്കായി കോർപ്പറേഷന്റെ ഹെഡ്

ഓഫീസിൽ വച്ച് കൂടിക്കാഴ്ച നടത്തുകയുണ്ടായതായി സ്ഥാപനത്തിന്റെ എം ഡി അറിയിച്ചിരിക്കുന്നു. പ്രസ്തുത കൂടിക്കാഴ്ച്ചയിൽ ചാർട്ടേഡ് അക്കൗണ്ടന്റ് (CA) ആയ ശ്രീമതി. ശ്വേത വി.ആർ., (മണിദീപം, മീനംകോട്, കുറിയോട്ടുകോണം, പേയാട്, തിരുവനന്തപുരം 695573) എന്ന ഉദ്യോഗാർത്ഥിയെ ഒന്നാം റാങ്ക് ആയി തെരഞ്ഞെടുക്കപ്പെട്ടിട്ടുണ്ടെന്നും ടി വ്യക്തിയെ ഫിനാൻസ് ഓഫീസറായി നിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും എം.ഡി പരാമർശം (2) പ്രകാരം അഭ്യർത്ഥിച്ചിട്ടുണ്ട്.

(2) സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. കരാർ നിയമനം നടത്തുമ്പോൾ പരാമർശം (1)-ലെ മാർഗനിർദ്ദേശങ്ങൾ പാലിക്കണമെന്നും കരാർ കാലയളവ് ഒരു വർഷത്തേക്കോ സർക്കാരിൽ നിന്ന് നേരിട്ടുള്ള നിയമനം നടത്തുന്നതിനുള്ള മാനദണ്ഡം നിശ്ചയിച്ച തരുന്നതോ ഏതാണോ ആദ്യം അതു വരെ ആയിരിക്കണമെന്ന വ്യവസ്ഥയിലും, വനിതാ വികസന കോർപ്പറേഷൻ കൂടികാഴ്ച നടത്തിയതിൽ ഒന്നാം റാങ്കായി തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള ചാർട്ടേഡ് അക്കൗണ്ടന്റ് (CA) ആയ ശ്രീമതി. ശ്വേത വി.ആർ. (മണിദീപം, മീനംകോട്, കുറിയോട്ടുകോണം, പേയാട്, തിരുവനന്തപുരം 695573) എന്ന ഉദ്യോഗാർത്ഥിയെ വനിതാ വികസന കോർപ്പറേഷൻ ഫിനാൻസ് ഓഫീസറായി കരാർ അടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് അനുമതി നല്കിയും ടി വ്യക്തിയുടെ കരാർ വേതനം (consolidated emoluments) ഫിനാൻസ് ഓഫീസർതസ്തികയുടെ basic pay യുടെ മിനിമത്തിന്റെയും നിയമിക്കുന്ന സമയത്ത് ബാധകമായ DA യുടെയും, ബാധകമായ മറ്റ് അലവൻസുകളുടെയും ആകെ തുകയിൽ അധികരിക്കാതെയുള്ള തുകയായി നിശ്ചയിച്ച കൊണ്ടും ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സന്തോഷ് കുമാർ.റ്റി.കെ.
അഡിഷണൽ സെക്രട്ടറി

മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന വനിതാ വികസന കോർപ്പറേഷൻ, തിരുവനന്തപുരം

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്) കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ(എ ആന്റ് ഇ) കേരള, തിരുവനന്തപുരം.

ധനകാര്യ വകുപ്പ്.

വെബ് & ന്യൂ മീഡിയ (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി).

കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Signed by
Sithara Vijayan
Date: 09-03-2026 10:08:43

സെക്ഷൻ ഓഫീസർ